# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

**മാർത്തോമ്മാ സണ്ടേസ്കൂൾ സമാജം പ്രസിഡന്റ് ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തായിൽ നിന്നും.**

സർക്കുലർ നമ്പർ. 162

കർത്താവിൽ പ്രിയരെ,

മാർത്തോമ്മാ സൺഡേസ്കൂൾ സമാജം അതിന്റെ പ്രവർത്തന സരണിയിൽ 116 വർഷം പിന്നിടുവാൻ ദൈവം കൃപ ചെയ്തു. 2020-2021 പ്രവർത്തനവർഷത്തെ വാർഷികയോഗം **സൂം പ്ലാറ്റ് ഫോമിലൂടെ 2021 ഒക്ടോബർ മാസം 1-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.00 മണി** മുതൽ നടത്തുവാൻ ക്രമീകരണങ്ങൾ ചെയ്തിരിക്കുകയാണ്. വാർഷിക യോഗത്തോടനുബന്ധിച്ച് സമാജത്തിന്റെ 2021-2024 കാലഘട്ടത്തിലേക്കുള്ള ഔദ്യോഗിക ഭാരവാഹികളെയും, മാനേജിംഗ് കമ്മറ്റിയംഗങ്ങളേയും തെരഞ്ഞെടുക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങളും ചെയ്തു കൊണ്ടിരിക്കുന്നു.

തെരഞ്ഞെടുപ്പ് കേരളത്തിനുള്ളിൽ അതാത് ഭദ്രാസന അദ്ധ്യക്ഷന്മാരുടെ നിർദ്ദേശാനുസരണം താഴെ പറഞ്ഞിരിക്കുന്ന ക്രമീകരണപ്രകാരം **2021 ഒക്ടോബർ 29-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ** നടത്തപ്പെടുന്നതാണ്. **അന്നേ ദിവസം രാവിലെ 9.00 മണി മുതൽ ഉച്ചയ്ക്ക് 12.30 വരെ** അംഗങ്ങൾക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കേരളത്തിനു പുറത്തുള്ള ഭദ്രാസനങ്ങളിൽ ഉൾപ്പെട്ട പൊതുയോഗാംഗങ്ങൾക്ക് പോസ്റ്റൽ ബാലറ്റ് 2021 ഒക്ടോബർ 4 തിങ്കളാഴ്ച സമാജം ഓഫീസിൽ നിന്നും അയക്കുന്നതാണ്. പോസ്റ്റൽ ബാലറ്റുകൾ **2021 നവംബർ 2-ാം തീയതി ചൊവ്വാഴ്ച വൈകിട്ട് 5.00 മണിക്ക്** മുമ്പായി വരണാധികാരിയുടെ പേരിൽ തിരുവല്ല സമാജം ഓഫീസിൽ ലഭിക്കത്തക്കവിധം അയച്ചു കൊടുക്കേണ്ടതാണ്. **2021 നവംബർ 3 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക്** തിരുവല്ല വി.ജി.എം ഹാളിൽ വോട്ടുകൾ എണ്ണിതിട്ടപ്പെടുത്തി ഫലം പ്രഖ്യാപിക്കുന്നതാണ്.

തെരഞ്ഞെടുപ്പ് സംബന്ധമായ എല്ലാ ക്രമീകണങ്ങൾക്കും നേതൃത്വം നല്കുവാൻ വരണാധികാരിയായി **വന്ദ്യ ദിവ്യശ്രീ. കെ.എം. മാമ്മൻ കശ്ശീശ**യെ നിയമിച്ചിരിക്കുന്നു. കേരളത്തിനുള്ളിലെ തെരഞ്ഞെടുപ്പുകളുടെ നേതൃത്വം നല്കുന്നതിനായി ഭദ്രാസന അദ്ധ്യക്ഷന്മാരുടെ ആലോചനയോടെ താഴെ പേരുപറയുന്ന അച്ചന്മാരെ ചുമതലപ്പെടുത്തിയിരിക്കുന്നു.

| **നം** | **ഭദ്രാസനം** | **സഹവരണാധികാരി** | **പോളിംഗ് സെന്റർ** |
|---|---|---|---|
| 1. | കുന്ദംകുളം - മലബാർ | റവ. മാത്യു വർഗ്ഗീസ് (ആമല്ലൂർ) | സെന്റ് പോൾസ് എം.റ്റി.സി, കോഴിക്കോട് |
| 2. | കോട്ടയം - കൊച്ചി | റവ. ജോസഫ് ജോണി | റ്റി.എം.എ.എം ഹാൾ, മാങ്ങാനം |
| 3. | റാന്നി - നിലക്കൽ | റവ. മാത്യു വർഗ്ഗീസ് (ചുങ്കത്തറ) | കെ.ഓ.എ.എം ഹാൾ, മന്ദിരം, വൈക്കം |
| 4. | നിരണം - മാരാമൺ | റവ. ജോർജ്ജി വർഗ്ഗീസ് | എസ്.സി.എസ്.എച്ച്.എസ്.എസ് തിരുവല്ല |
| 5. | ചെങ്ങന്നൂർ - മാവേലിക്കര | റവ. റ്റൈറ്റസ് തോമസ് | തിട്ടമേൽ ട്രിനിറ്റി ഹാൾ, ചെങ്ങന്നൂർ |
| 6. | അടൂർ | റവ. ബേബി ജോൺ | സ്പിരിച്ച്വാലിറ്റി സെന്റർ, അടൂർ |
| 7. | കൊട്ടാരക്കര - പുനലൂർ | റവ. വിനോയ് ഡാനിയേൽ | ജൂബിലി മന്ദിരം, കൊട്ടാരക്കര |
| 8. | തിരുവനന്തപുരം - കൊല്ലം | റവ. ഡാനിയേൽ വർഗ്ഗീസ് | ജെ.എം.എം സ്റ്റഡി സെന്റർ, മണ്ണന്തല |

ക്രിസ്തീയ സാക്ഷ്യവും, സമർപ്പണവും, പ്രവർത്തന സന്നദ്ധതയും ഉള്ളവരെ തെരഞ്ഞെടുക്കുന്നതിന് ഏവരും പ്രാർത്ഥനാപൂർവ്വം തങ്ങളുടെ സമ്മതിദാന അവകാശം ഉപയോഗിക്കുവാൻ ശ്രദ്ധിക്കണം. സമാജത്തിന്റെ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് പൊതുയോഗാംഗങ്ങളുടെ പ്രാർത്ഥനാപൂർവ്വമായ സഹകരണം ഉണ്ടാകണം.

കൃപ നിങ്ങളോടു കൂടെ ഇരിക്കുമാറാകട്ടെ,

ക്രിസ്താബ്ദം 2021 സെപ്തംബർ മാസം 14-ാം തീയതി തിരുവനന്തപുരം മാർത്തോമ്മാ അരമനയിൽ നിന്നും

MAR THOMA SUNDAY SCHOOL SAMAJAM
LIGHTED TO LIGHTEN
TIRUVALLA, KERALA

**ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ**